പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 218

27.01.2014- ലെ മറുപടിക്ക്

മായം കലർന്നിട്ടുള്ള ഭക്ഷ്യ വസ്തുക്കളുടെ വില്പന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. പ്രദീപ്കുമാർ<br>" വി. ശിവൻകുട്ടി<br>" ബാബു എം. പാലിശ്ശേരി<br>" കെ. സുരേഷ് കുറുപ്പ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | മായം കലർത്തിയതും അമോണിയ പോലുള്ള രാസവസ്തുക്കൾ ചേർത്ത് ഐസിൽ സൂക്ഷിച്ചതുമായ മത്സ്യ -മാംസ്യങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ സംസ്ഥാനത്ത് നിർബാധം വില്പന നടത്തി വരുന്നതും ഹോട്ടലുകളിൽ ഉപയോഗിക്കപ്പെടുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| ബി) | ജനങ്ങൾക്ക് ഇതുണ്ടാക്കുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ചുള്ള വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; | ബി) | ഇത്തരം വിഷയങ്ങളിൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയാണ് പഠനം നടത്തുന്നത്. കൂടാതെ ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) എന്നീവരും പഠനം നടത്തിവരുന്നുണ്ട്. |
| സി) | ആയത് നിരീക്ഷിക്കുന്നതിനും തടയുന്നതിനുമുള്ള സംസ്ഥാനത്തെ സംവിധാനങ്ങൾ അഴിമതി നടത്താനുള്ള സ്ഥാപനങ്ങളായി അധ:പതിച്ചിരിക്കുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | സി) | വ്യാപകമായി അഴിമതി നടത്തുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | നിയന്ത്രണങ്ങളില്ലാത്ത ഈ നില തുടർന്നാലുണ്ടാകാവുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെക്കുറിച്ച് സർക്കാർ ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കുമോ; | ഡി) | ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്താറുണ്ട്. ഗുരുതരമായ ആരോപണങ്ങൾ വളരെ ഗൗരവമായി തന്നെ കൈകാര്യം ചെയ്തുവരുന്നു |

| | | | |
|---|---|---|---|
| ഇ) | വില്പനശാലകളിൽ മായം കലർന്നിട്ടില്ലാത്ത ഭക്ഷ്യവസ്തുക്കൾ മാത്രമേ വില്പന നടത്താൻ അനുവദിക്കുകയുള്ളൂ എന്നുറപ്പാക്കാനും പ്രസ്തുത രംഗത്തെ അഴിമതി തടയാനും എന്തു കർമ്മ പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? | ഇ) | ഭക്ഷ്യ സുരക്ഷാ വകുപ്പ്, സംസ്ഥാന വ്യാപകമായി ഭക്ഷ്യ വസ്തുക്കൾ വിൽപന നടത്തുന്നതും ഉൽപാദനം നടത്തുന്നതുമായ സ്ഥാപനങ്ങളിൽ നിരന്തരം പരിശോധന നടത്തുന്നതും സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിക്കാറുമുണ്ട്. സംസ്ഥാന വ്യാപകമായി ഹോട്ടലുകൾ ബേക്കറികൾ, കുടിവെള്ള ടാങ്കറുകൾ, കുടിവെള്ള നിർമ്മാണ യുണിറ്റുകൾ, ജ്യൂസ് ഷോപ്പുകൾ, അന്യ സംസ്ഥാനത്ത് നിന്ന് കൊണ്ടുവരുന്നത് ഉൾപ്പെടെയുള്ള മീനുകൾ, ഭക്ഷ്യഎണ്ണകൾ, ഐസ് ഫാക്ടറികൾ, തുടങ്ങി കൂടുതലായി പരാതി ലഭിക്കുന്ന എല്ലാ മേഖലകളിലും പ്രത്യേകം ഊന്നൽ നൽകി പരിശോധന ശക്തമാക്കിയിട്ടുണ്ട് ഇത്തരം പരിശോധനകളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഹോട്ടലുകൾ,ബേക്കറികൾ, ഫാസ്റ്റ് ഫുഡ് കടകൾ, കുടിവെള്ള വിതരണക്കാർ, കുടിവെള്ള ടാങ്കറുകൾ എന്നിവ പാലിക്കേണ്ട നിബന്ധനകൾ തയ്യാറാക്കിയിട്ടുള്ളതും പൊതു ജനങ്ങളുടെ അറിവിലേക്കായി പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ചിട്ടുള്ളതും. വിശദാംശങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ഭക്ഷ്യവസ്തുകളിൽ കണ്ടെത്തിയ മായം തടയുന്നതിന് വേണ്ട അടിയന്തിര തുടർനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ്,ഗോവ എന്നീ സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് മറ്റു സംസ്ഥാനങ്ങളുമായുള്ള യോജിച്ച പ്രവർത്തനവും നടന്നുവരുന്നു. സംസ്ഥാനവ്യാപകമായി നടത്തുന്ന പരിശോധനകൾ നിരന്തര നിരീക്ഷണത്തിന് വിധേയമാക്കിയിട്ടുള്ളതാണ്. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ വളരെ ഗൗരവമായി കണ്ടിട്ടുള്ളതും അത്തരത്തിലൊരു പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാടുള്ള രണ്ട് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയിതിട്ടുള്ളതുമാണ്. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ അഴിമതി നടത്തുന്നതായിട്ടുള്ള എന്തെങ്കിലും തരത്തിലുള്ള പരാതികൾ ഭക്ഷ്യ സുരക്ഷ കമ്മീഷണർക്ക് നേരിട്ടോ കത്ത് മുഖാന്തിരമോ |

| | | | |
|---|---|---|---|
| | | | ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് കമ്മീഷണർ മുഖാന്തിരമോ നൽകാവുന്നതാണ് കൂടാതെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ആസ്ഥാനത്ത് രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പറിലൂടെയും(1800 425 1125) പരാതി അറിയിക്കാവുന്നതാണ്. കൂടാതെ foodsafetykerala@gmail.com എന്ന ഇ മെയിൽ വിലാസത്തിലും പരാതി നൽകാവുന്നതാണ്. ഇത്തരം പരാതികൾ വളരെ ഗൗരവമായി കണ്ട് തുടർ നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**